# പത്രക്കുറിപ്പ്

## പ്രിസം പദ്ധതിയിലേക്ക് മലയാള ദൃശ്യമാധ്യമ രംഗത്തുള്ളവർക്കും അപേക്ഷിക്കാം

മലയാള ദൃശ്യമാധ്യമ രംഗത്തുള്ളവർക്ക് ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പിന്റെ പബ്ലിക് റിലേഷൻസ് ഇൻഫർമേഷൻ സർവീസ് മാനേജ്മന്റ് (പ്രിസം) പദ്ധതിയിലെ സബ് എഡിറ്റർ പാനലിലേക്ക് അപേക്ഷിക്കാൻ അവസരം നൽകുന്നു. നേരത്തെ ഓൺലൈൻ ആയി അപേക്ഷ സ്വീകരിച്ച വേളയിൽ അപേക്ഷിക്കാൻ കഴിയാതെ പോയി എന്ന വസ്തുത ശ്രദ്ധയിൽപെട്ടതിനെ തുടർന്നാണ് ഈ വിഭാഗത്തിലുള്ളവർക്ക് ഇപ്പോൾ അവസരം നൽകുന്നത്. 2017 ജൂലൈ 25 മുതൽ 31 വരെ വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റിലൂടെ (www.prd.kerala.gov.in) ഓൺലൈൻ ആയി അപേക്ഷ സമർപ്പിക്കാം.